DESPATCHED
On.9/12/22..



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **CP 103(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുളള നടപടിക്രമം
**File No.7635/SIC-Gen4/2022**
**(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)**

സന്നിഹിതൻ
ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ഡിസംബർ 8

| | |
|---|---|
| ശ്രീ. സി. ബാലചന്ദ്രൻ,<br>മലഞ്ചിറ്റി,<br>കുത്തനൂർ പി.ഒ.,<br>പാലക്കാട് - 678 721. | പരാതി ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി തഹസിൽദാർ ഹെഡ് ക്വാർട്ടേഴ്സ്, താലൂക്ക് ഓഫീസ്, പാലക്കാട്.<br>2. അപ്പീൽ അധികാരി & തഹസിൽദാർ, താലൂക്ക് ഓഫീസ്, പാലക്കാട്. | എതിർകക്ഷികൾ |

## അന്തിമ ഉത്തരവ്

മേൽ പരാതി ഹർജിയിൽ 20.7.2022-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ എതിർകക്ഷികൾക്ക് വീഴ്ച സംഭവിച്ചതായി കമ്മീഷന് ബോധ്യപ്പെടുകയും വിവരാവകാശ നിയമത്തിലെ 20 (1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ വിശദീകരണം സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഹെഡ് ക്വാർട്ടേഴ്സ് ഡെപ്യൂട്ടി തഹസിൽദാർ താലൂക്കാഫീസ് പാലക്കാട് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 8.2.2022 തീയതി വച്ച് സമർപ്പിച്ച അപേക്ഷ 10.2.2022 നാണ് എതിർകക്ഷി കാര്യാലയത്തിൽ ലഭിച്ചിട്ടുള്ളതെന്നും സെക്ഷൻ ചാർജ് ഉണ്ടായിരുന്ന സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷയുടെ പകർപ്പ് 5.3.2022 ന് ടി കാര്യാലയത്തിലെ എഫ്-സെക്ഷൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് വകുപ്പ് 6 (3) പ്രകാരം നൽകിയിട്ടുള്ളതും, എഫ്-സെക്ഷൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ 29.4.2022-ന് മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്. നിലവിലെ എസ്.പി.എ.ഒ ചാർജ്ജ് എടുത്തത് നിയമാനുസൃത കാലാവധി 5 ദിവസം മുമ്പ് മാത്രമാണെന്നും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയ ശേഷം ഫിസിക്കൽ തപാലുകൾ ഒന്നും സെക്ഷനിൽ ലഭിക്കുകയില്ലെന്നും ഇ-ഓഫീസ് ലോഗിൻ ചെയ്താൽ മാത്രമേ ഫയലുകളും തപാലുകളും കാണുവാൻ

സാധിക്കുകയുള്ളു എന്നും നിലവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ 7.3.2022–ന് ചാർജ് എടുത്തിരുന്നുവെങ്കിലും ഇ–ഓഫീസിൽ ലോഗിൻ 15.3.2022 നാണ് ശരിയായതെന്നും ആയതിനാൽ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ കാണാൻ കഴിഞ്ഞത് 15.3.2022–ന് ശേഷം മാത്രമാണെന്നും ഇതിനകം അപേക്ഷയുടെ നിയമാനുസൃത കാലാവധി കഴിഞ്ഞിട്ടുള്ളതാണെന്നും ആയതിനാലാണ് മറുപടി നൽകുവാൻ കാലതാമസം ഉണ്ടായതെന്നുമാണ്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ മറുപടി നൽകുവാനുണ്ടായ കാലതാമസം മാപ്പാക്കി ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നുമാണ്.

2. എതിർകക്ഷി സമർപ്പിച്ച വിശദീകരണം പരിശോധിക്കുകയും ടിയാനെ നേരിൽ കേൾക്കുകയുമുണ്ടായി. നേരിൽ കേട്ടവേളയിൽ അപേക്ഷകന് മറുപടി നൽകുന്നതിൽ കാലതാമസമുണ്ടായതിൽ കമ്മീഷൻ മുമ്പാകെ മാപ്പപേക്ഷിക്കുകയും എന്നാൽ അപേക്ഷകന് സമയപരിധിക്കുള്ളിൽ മറുപടി നൽകുന്നതിനായി തന്റെ കീഴുദ്യോഗസ്ഥനിൽ നിന്നു വിവരങ്ങൾ ശേഖരിക്കുന്നതിലും ആയതിലേയ്ക്കായി ടിയാന്മാരോട് നിർദ്ദേശിക്കുന്നതിലും വലിയ വീഴ്ചവന്നതായി കമ്മീഷന് ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ആയിരുന്ന ഡെപ്യൂട്ടി തഹസിൽദാർ ശ്രീ. ശ്രീധരനെ ശിക്ഷിക്കുവാനും ശിക്ഷയായി 2000/– രൂപ (രണ്ടായിരം രൂപ മാത്രം) ടിയാനിൽ നിന്നും പിഴയായി ഈടാക്കുവാനും കമ്മീഷൻ തീരുമാനിക്കുന്നു. ടി പിഴ സംഖ്യ 17.12.2022 നകം " 0070-60-118-99 Receipts under Right to Information Act, 2005 " എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതും വിവരം കമ്മീഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ടിയാൻ പിഴ സംഖ്യ ഒടുക്കിയില്ലെങ്കിൽ ഈ തുക ടിയാന്റെ ശമ്പളത്തിൽ നിന്നും വസൂലാക്കി മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി ഒടുക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടിയാന്റെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തിചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്. ഈ ഉത്തരവ് ഇന്നേ ദിവസം 2022 ഡിസംബർ 8–ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത

മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

bnk